**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ് - പ്രധാൻ മന്ത്രി കൗശൽ വികാസ് യോജന- (പി.എം.കെ.വി.വൈ- 2.0, 3.0) പദ്ധതിക്ക് ലഭിച്ച കേന്ദ്രവിഹിത തുകയിൽ മിച്ചമുള്ള തുക കേന്ദ്ര സർക്കാരിന്റെ Consolidated Fund of India-യിലേക്ക് തിരിച്ചടയ്ക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

സ.ഉ.(സാധാ) നം.819/2025/LBR തീയതി,തിരുവനന്തപുരം, 05-07-2025

---

പരാമർശം:-
1. 02.10.2024-ലെ സ.ഉ(സാധാ)നം.1018/2024/തൊഴിൽ
2. 18.01.2025-ലെ സ.ഉ(സാധാ)നം.69/2025/LBR
3. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് മാനേജിംഗ് ഡയറക്ടറുടെ 06.05.2025-ലെ KASE/1353/2020-AcExe നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പ്രധാൻ മന്ത്രി കൗശൽ വികാസ് യോജന (പി.എം.കെ.വി.വൈ-2.0, 3.0) പദ്ധതിയുടെ നടത്തിപ്പിനായി അനുവദിച്ച 34,57,78,000/-രൂപ (മുപ്പത്തിനാല് കോടി അൻപത്തിയേഴ് ലക്ഷത്തി എഴുപത്തിയെണ്ണായിരം രൂപ)-യിൽ നിന്നും മിച്ചമുള്ള തുകയായ 5,16,25,487/- രൂപ കേന്ദ്ര സർക്കാരിന്റെ Consolidated Fund of India-യിലേക്ക് തിരിച്ചടയ്ക്കുന്നതിന് പരാമർശം (1), (2)-ലെ ഉത്തരവുകൾ പ്രകാരം അനുമതി നൽകിയിരുന്നു.

2) പ്രധാൻ മന്ത്രി കൗശൽ വികാസ് യോജന (പി.എം.കെ.വി.വൈ-2.0, 3.0) പദ്ധതിയുടെ നടത്തിപ്പിനായി കെയ്സിന് റിലീസ് നൽകിയ തുക കേന്ദ്ര സർക്കാർ അനുവദിച്ചതിൽ നിന്നും 12/- രൂപ (പന്ത്രണ്ട് രൂപ മാത്രം) കൂടുതൽ ആണെന്നും, ആയതിനാൽ പ്രസ്തുത പദ്ധതിയിൽ RoP ശീർഷകത്തിലേക്ക് തിരിച്ചടച്ച തുകയായ 5,16,25,487/- രൂപയിൽ നിന്നും 5,16,25,475/- രൂപ കേന്ദ്ര സർക്കാരിന്റെ Consolidated Fund of India-യിലേക്ക് തിരിച്ചടയ്ക്കുന്നതിന് അനുമതി നൽകണമെന്ന് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് മാനേജിംഗ് ഡയറക്ടർ പരാമർശം (3) പ്രകാരം പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പി.എം.കെ.വി.വൈ-2.0, 3.0 പദ്ധതിയിൽ RoP ശീർഷകത്തിലേക്ക് തിരിച്ചടച്ച തുകയായ 5,16,25,487/- (അഞ്ചു കോടി പതിനാറ് ലക്ഷത്തി ഇരുപത്തി അയ്യായിരത്തി നാനൂറ്റി

എൺപത്തിയേഴ് രൂപാ മാത്രം) രൂപയിൽ നിന്നും 5,16,25,475/- (അഞ്ചു കോടി പതിനാറ് ലക്ഷത്തി ഇരുപത്തി അയ്യായിരത്തി നാനൂറ്റി എഴുപത്തിയഞ്ചു രൂപാ മാത്രം) രൂപ കേന്ദ്ര സർക്കാരിന്റെ Consolidated Fund of India-യിലേക്ക് തിരിച്ചടയ്ക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എൻ.കെ.ചന്ദ്ര
അഡിഷണൽ സെക്രട്ടറി

1. ട്രെയിനിംഗ് ഡയറക്ടർ, വ്യാവസായിക പരിശീലന വകുപ്പ്, തിരുവനന്തപുരം.
2. മാനേജിംഗ് ഡയറക്ടർ, കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം.
4. ധനകാര്യ വകുപ്പ് (16.06.2025-ലെ 2553662/LBR-2/283/2023-FIN പ്രകാരം)
5. വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പരസ്യപ്പെടുത്തുന്നതിനായി)
6. കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Usha Rani L
Date: 05-07-2025 14:59:17
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.പൊതുവിദ്യാഭ്യാസവും, തൊഴിലും വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.